# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 11-ാം തീയതി വ്യാഴാഴ്ച
(ആകെ ചോദ്യങ്ങൾ -26)


**(414) പേര്യ മരംമുറിക്കലിനെ കുറിച്ചുള്ള അന്വേഷണം**
**(415) കശുമാവുകൃഷി പുനരുദ്ധരിക്കാൻ നടപടി**
**(416) കാലിതീറ്റ സൗജന്യമായി നൽകുവാൻ പദ്ധതി**
**(417) കായികരംഗത്ത് ഉജ്ജ്വലപ്രകടനം കാഴ്വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം**
**(418) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ കാർഷികവിളകളുടെ മൊത്തവ്യാപാരവിപണി ആരംഭിക്കുവാൻ നടപടി**
**(419) ഭക്ഷ്യ ഉപദേശക സമിതികളുടെ പുനഃസംഘടന**
**(420) കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള നടപടി**
**(421) നഗരങ്ങളിലെ തൊഴിൽരഹിതർക്കും വീട്ടമ്മമാർക്കും പാർട്ടടൈം തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ**
**(422) നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ പദ്ധതി**
**(423) കള്ള് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് പദ്ധതി**
**(424) കഞ്ചാവ് കൃഷി തടയാൻ നടപടി**
**(425) കരിക്കിൻവെള്ളം പായ്ക്കറ്റുകളിലാക്കി പിപണനം ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യ കണ്ടെത്താൻ നടപടി**
**(426) ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള വിഹിതം അടയ്ക്കാതിരുന്നതിനെതിരെ നടപടി**
**(427) റവന്യൂ കമ്മി വർദ്ധിക്കാനുള്ള കാരണം**
**(428) കശുമാവ് കൃഷി വികസനത്തിനായി പ്രത്യേക പരിപാടികൾ**
**(429) കായിക മൽസരങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ**
**(430) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**
**(431) കർഷകർക്ക് കടാശ്വാസ പദ്ധതി**
**(432) ഊർജ്ജിത കന്നുകാലി വികസന പദ്ധതി**
**(433) തെങ്ങുകളുടെ ഉല്പ്പാദനക്ഷമത**
**(434) ജീവനക്കാരുടെ പുനർവിന്യാസം**
**(435) കശുമാവ്കൃഷി വികസനം**
**(436) നെൽകൃഷിക്കായി മിനികിറ്റ് ഓഫ് റൈസ് കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കാൻ നടപടി**
**(437) നെൽകൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ നടപടി**
**(438) സപ്ലൈകോ പ്രിവിലേജ് കാർഡ്**
**(439) കേര കൃഷി വികസനത്തിന് സ്വീകരിച്ച നടപടി**


### പേര്യ മരംമുറിക്കലിനെ കുറിച്ചുള്ള അന്വേഷണം

414. ശ്രീ. കെ. എ. ചന്ദ്രൻ :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേര്യ മരംമുറിക്കലിനെപ്പറ്റി അന്വേഷണം നടത്തിയതാരാണെന്ന് വ്യക്തമാക്കുമോ;
(ബി) അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;
(സി) ഈ മരംമുറിയിൽ ആർക്കെല്ലാം പങ്കുള്ളതായാണ് കണ്ടെത്തിയത്;
(ഡി) ഈ സംഭവത്തിൽ ഗവൺമെന്റിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ;
(ഇ) ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;
(എഫ്) ഇത് ഈടാക്കുവാൻ സാധിക്കുമോ;

(ജി) ഈ സംഭവത്തിന് ഉത്തരവാദികളായവരുടെമേൽ എന്തു നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :-**

(എ) വനം വിജിലൻസ് വിഭാഗവും റവന്യു സെക്രട്ടറിയും അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ ഇവയാണ്.

1. നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റാഫീസർ, പേര്യാ റേഞ്ചാഫീസർ, വരയാൽ ഫോറസ്ററ് സ്റ്റേഷൻ സ്റ്റാഫ് എന്നിവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കണം.
2. സർക്കാർ വക വനം സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നതിനുംവേണ്ടി വ്യാജ റിക്കാർഡുകൾ ചമക്കുകയും തെറ്റായ വിവരങ്ങൾ നൽകുകും ചെയ്ത റവന്യു ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കണം
3. റീ സർവ്വേ നംപർ 88/1 എ3-യിൽ 24.0021 ഹെക്ടർ സ്ഥലം ഉണ്ടായിരുന്നിട്ടും 3.200 ഹെക്ടർ സ്ഥലത്തിന്റെ മാത്രം അതിരടായാളപ്പെടുത്തുകയും 20.8021 ഹെക്ടർ സ്ഥലം അതിരടയാളപ്പെടുത്താതെ ഒഴിവാക്കിയതിനെ പറ്റി അന്വേഷണം നടത്തണം.

ഇതിൽ മേൽ കൂടുതൽ അന്വേഷണത്തിനായി ബഹു. കേരള ഹൈകോടതി സി. ബി. എ. യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആകയാൽ റവന്യു സെക്രട്ടറി നടത്തിയ അന്വേഷണം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ല.

(സി) വനം വിജിലൻസിന്റെ റിപ്പോർട്ട് പ്രകാരം നോർത്ത് വയനാട് ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർ, പേര്യാറോഞ്ചാഫീസർ, വരയാൽ ഫോറസ്ററ് സ്റ്റേഷൻ ജീവനക്കാർ എന്നിവർക്കും, റവന്യു വകുപ്പിലെ മാന്തവാടി (എൻ. ആർ) സ്പെഷ്യൽ തഹസിൽദാർ, മാനന്തവാടി ലാന്റ് ട്രൈബ്യൂണൽ എന്നിവർക്കും പങ്കുള്ളതായാണ് കണ്ടത്.

(ഡി) ഉണ്ട്.

(ഇ) 1,2031,649/- രൂപ മതിപ്പു വിലയുള്ള 431 വിവിധയിനം മരങ്ങൾ മുറിച്ചതാണ് നിജപ്പെടത്തിയിട്ടുള്ളത്.

(എഫ്) മുറിച്ച മരങ്ങൾക്ക് വിലയും നികുതിയും പലിശയുമടക്കം മൊത്തം 1,07,58,882/- രൂപാ കോടതി നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. ഒ.പി. ഇപ്പോഴും ബഹു. ഹൈകോടതിയുടെ പരിഗണനയിലാണ്.

(ജ) ഈ സംഭവത്തിന് ഉതത്തരവാദികളെന്ന് വനം വിജിലൻസ് വിഭാഗം കണ്ടെത്തിയ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റാഫീസർ ശ്രീമതി ശോഭന കമലാ സുന്ദർശനറാവു, പേര്യ ഫോസറ്റ് റെയിഞ്ചാഫീസർ ശ്രീ. പി. കെ. ഉദയകുമാർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷനിലെ ഫോറസ്റ്റർമാർ ശ്രീ. കെ.എം. ഉണ്ണി കൃഷ്ണൻ, പി.ജി. പരമേശ്വരൻ വരയാൽ ഫോറസ്റ്റ് സ്റ്റേഷനിലെ ഗാർഡുകൾ സ. ശ്രീ. എം. കെ. പദ്മനാഭൻ, ശശികുമർ വി. പി. അനിൽകുമാർ, എ. യേശുദാസൻ, ബിനുമാത്യു പി. പി. മുരളീധരൻ, എം. സതീശൻ, എന്നവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ശിക്ഷ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. കേരളാ ഹൈകോടതിയുടെ ഉത്തരവു പ്രകാരം പേര്യ മരം മുറിയെപ്പറ്റി സി.ബി.എ. അന്വേഷണം നടത്തി വരികയാണ്. സി.ബി.എ. അന്വേഷണം പൂർത്തിയാക്കുന്ന മുറയക്ക് ബഹു.സഭ ഹൈകോടതിയുടെ ഉത്തരവ് പ്രകാരമേ കൂടുതൽ നടപടികൾ സ്വീകരിക്കാനാവൂ.

## കശുമാവുകൃഷി പുനരുദ്ധരിക്കാൻ നടപടി

415. ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി ചെയ്തു വരുന്നു;

(ബി) കശുമാവുകൃഷി പുനരുദ്ധരിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(സി) പുതുതായി എത്ര ഹെക്ടർ സ്ഥലത്തേക്ക് ഈ കൃഷി വ്യാപിക്കുവാൻ പദ്ധതിയുണ്ടെന്ന് വ്യക്താക്കാമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) 2000–2001 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 92122 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തു വരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംസ്ഥാന തൊട്ടാകെ 5500 ഹെക്ടർ സ്ഥലം കശുമാവ് കൃഷി പുനരുദ്ധരിക്കാൻ 330 ലക്ഷം രൂപ ചെലവഴിക്കുവാൻ ഗവൺമെന്റ് ലക്ഷ്യം ഇട്ടിട്ടുണ്ട്.

(സി) പുതുതായി കശുമാവ് കൃഷി വികസിപ്പിക്കുവാൻ ഈ വർഷം പദ്ധതിയൊന്നും ഇല്ല.

## കാലിതീറ്റ സൗജന്യമായി നൽകുവാൻ പദ്ധതി

416. ശ്രീ. എൻ. ഡി. അപ്പച്ചൻ:

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വർഗ്ഗോദ്ധാരണപദ്ധതികൾ നടപ്പാക്കുന്ന സ്ഥലങ്ങളിൽ കന്നുകാലികൾക്ക് കാലിത്തീറ്റ സൗജന്യമായി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്കീമിൽപ്പെടുന്ന എല്ലാ കന്നുകാലികൾക്കും സൗജന്യകാലിത്തീറ്റ നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സൗജന്യകാലിത്തീറ്റ നൽകുന്നതിന് കന്നുകാലികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## കായികരംഗത്ത് ഉജ്ജ്വലപ്രകടനം കാഴ്വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

417. ശ്രീ. കെ. പി. മോഹനൻ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സപോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് ഉജ്ജ്വല പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ദേശീയ തലത്തിൽ സ്വർണ്ണമെഡൽ നേടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് പാരിതോഷികങ്ങൾ നൽകുന്നുണ്ടോ ;

(സി) കേരള സ്പോർട്ട്സ് കൗൺസിൽ ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വിദഗ്ദ്ധ പരിശീലനം നൽകുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :-**

(എ) കായിക രംഗത്ത് ഉജ്ജ്വല പ്രകടനം കാഴ്ച വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനാർത്ഥം കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള സ്പോർട്ട്സ് ഹോസ്റ്റലുകളിൽ പ്രവേശനം നൽകി പരിശീലനം നൽകി വരുന്നുണ്ട്. സ്പോർട്ട്സ് ഹോസ്റ്റലിൽ താമസിച്ച് പരിശീലനം നേടാൻ കഴിയാത്ത കായിക രംഗത്തെ മികച്ച വിദ്യാർത്ഥികൾക്ക് സ്പോർട്ട് ഹോസ്റ്റൽ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകുന്നതാണ്. സ്കൂൾ/കോളേജ് തലത്തിലെ മികച്ച കായികതാരങ്ങൾക്കും, സ്കൂൾ കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകളിൽ പഠിത്തത്തിൽ മികവു കാട്ടുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

(ബി) ദേശീയ തലത്തിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്ന സ്കീം നിലവിലുണ്ട്.

(സി) ഇത്തരം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സ്പോർട്ടസ് കൗൺസിലിന്റെ കീഴിലള്ള സെന്ട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലുകൾ/കോളേജ്/സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുകൾ ഇവയിൽ പ്രവേശനം നൽകി വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്.

## യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ കാർഷികവിളകളുടെ മൊത്തവ്യാപാരവിപണി ആരംഭിക്കുവാൻ നടപടി

418. ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കാർഷികവിളകളുടെ മൊത്തവ്യാപാര വിപണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിൽ എവിടെയെല്ലാം ഈ വിപണികളുടെ പണി പൂർത്തിയാക്കി;

(സി) പണി പൂർത്തിയായ വിപണികൾ പ്രവർത്തനം ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയുമോ;

(ഇ) ഈ കാർഷികവിളകളുടെ മൊത്തവ്യാപാരവിപണികൾക്കുവേണ്ടി ഒട്ടാകെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ സംസ്ഥാനത്ത് ആറ് കാർഷികമൊത്ത വ്യാപാര വിപണികൾ ആരംഭിക്കുവാൻ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആനയറ, നെടുമങ്ങാട്; എറണാകുളം ജില്ലയിൽ മരട്, മൂവാറ്റുപുഴ; കോഴിക്കോട് ജില്ലയിൽ വേങ്ങേരി; വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി എന്നീ സ്ഥലങ്ങളിലാണ് വിപണികൾ ആരംഭിക്കുന്നത്.

(ബി) മരട്, മുവാറ്റുപുഴ വിപണികളുടെ പണി പൂർത്തിയാക്കി.

(സി) പണിപൂർത്തിയായ രണ്ട് വിപണികളിൽ ഒന്നായ മൂവാറ്റുപുഴ വിപണിയിൽ പ്രവർത്തനം ആരംഭിച്ചു.

(ഡി) വ്യാപാരികളുടെ താൽപര്യകുറവുകാരണം പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(ഇ) ഓരോ വിപണിക്കും താഴെ പറയും പ്രകാരം തുകചെലവഴിച്ചിട്ടുണ്ട്.

| വിപണി | തുക(രൂപ ലക്ഷ്യത്തിൽ) |
|---|---|
| ആനയറ | 1533 |
| നെടുമങ്ങാട് | 799 |
| മരട് | 2053 |
| മുവാറ്റുപുഴ | 751 |
| വേങ്ങേരി | 1200 |
| സുൽത്താൻ ബത്തേരി | 391 |
| ആകെ | 6727 |

## ഭക്ഷ്യ ഉപദേശക സമിതികളുടെ പുനഃസംഘടന

419 ശ്രീ. മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ-താലൂക്ക്-പഞ്ചായത്തിലെ ഭക്ഷ്യ ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ

(ബി) ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പുനഃസംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ഭക്ഷ്യ ഉപദേശക സമിതികളുടെ അധികാരങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) കമ്മിറ്റികൾ അടിയന്തിരമായി പുനഃസംഘടിപ്പിക്കുന്നിന് ജില്ലാ സപ്ളൈ ഓഫീസർമാർക്ക് സിവിൽ സപ്ളൈസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) യും (ബി)യും ഭക്ഷ്യ ഉപദേശക സമിതികളുടെ അധികാരങ്ങൾ വിപുലപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല.

**കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള നടപടി**

420. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ഘളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇറക്കുമതി തീരുവ ഉയർത്തി കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ കാർഷികോൽപ്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന ഇറക്കുമതി തീരുവ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

ആഗോള വൽക്കരണത്തിന്റെ ഭാഗമായി ഭാരതം ഏർപ്പെട്ടിട്ടുള്ള ലോക വാണിജ്യ കരാർ പ്രകാരം കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഏക ഉപാധി. ഈ കരാറിൻപ്രകാരമുള്ള ഏറ്റവും ഉയർന്ന നിയന്ത്രിത ഇറക്കുമതി തീരുവ ചുമത്തുകയെന്നതാണ്. സംസ്ഥാനത്തിന്റെ സംപത്ത് ഘടനയക്ക് വെല്ലുവിളി ഉയർത്തുന്ന കാർഷികോൽപ്പന്നങ്ങളടെ വിലയിടവ് സംഭവിക്കാനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്, മറ്റു രാജ്യങ്ങളിൽ നിന്നും നിലവാരം കുറഞ്ഞ കാർഷിക വിഭവങ്ങൾ കുറഞ്ഞ ഇറക്കുമതി തീരുവ നിരക്കിൽ ഇൻഡ്യയിലേക്കുള്ള ഇറക്കുമതി. ഇപ്പോൾ കേന്ദ്ര സർക്കാർ കാർഷിക വിഭവങ്ങളടെ ഇറക്കുമതിയക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതി തീരുവ പരമാവധി ഡബ്ളിയു. റ്റി.ഒ. നിബന്ധിത നിരക്കിലേയ്ക്ക് ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം പലവേദികളിലും നേരിട്ടും ആവശ്യപെട്ടിട്ടുണ്ട്. ഇറക്കുമതി നിയന്ത്രിണത്തിന് സംസ്ഥാനത്തിന്റെ പരിമിതിയിൽ നിന്ന് എന്തൊക്കെ ചെയ്യാനാവുമെന്നു പഠിച്ച് റിപ്പോർട്ട് നൽകാൻ ഡോക്ടർ എം. എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിഷനെയും നിയമിച്ചിട്ടുണ്ട്.

(ബി) ഈ അവശ്യം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇറക്കുമതി തീരുവ എല്ലാ കാർഷിക വിഭവങ്ങൾക്കും ഡബ്ളിയു. റ്റി.ഒ. നിബന്ധിത പരമാവധി നിരക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദം പ്രകാരം കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ സ്വാഭാവിക റബ്ബർ, കുരുമുളക്, ഏലം, ഗ്രാപു, കാപ്പി, തേയില എന്നിവയുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ അവശ്യത്തോട് കേന്ദ്ര സർക്കാരിന് അനുഭാവപൂർവ്വമായ നിലപാടണെങ്കിലും ആവശ്യം പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ല 2001-2002-ലെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം കാർഷികോൽപ്പന്നങ്ങളായ സ്വാഭാവിക റബ്ബർ, കുരുമുളക്, ഏലം, ഗ്രാപു, കാപ്പി, തേയില എന്നിവയുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കുരുമുളക്, ഏലം, ഗ്രാപു, എന്നിവയുടെ ഇറക്കുമതി ചുങ്കം 35% നിന്നും 70% മായും കാപ്പി തേയില എന്നിവയുടെ ചുങ്കം 75% ൽ നിന്നും 100% മായും ഉയർത്തിയിട്ടുണ്ട്.

## നഗരങ്ങളിലെ തൊഴിൽരഹിതർക്കും വീട്ടമ്മമാർക്കും പാർട്ടൈം തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ

421. ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ തൊഴിൽരഹിതർക്കും വീട്ടമ്മമാർക്കും പാർട്ട് ടൈം തൊഴിൽ നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ കൃഷി വകുപ്പിനുണ്ട്;

(ബി) ഈ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; ഈ പദ്ധതിയനുസരിച്ച് എത്ര വീടുകളിൽ പച്ചക്കറി, പൂക്കൾ, വാനില എന്നിവയുടെ കൃഷി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിപ്രകാരം എന്തു തുകയ്ക്കുള്ള ഉൽപ്പാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) നഗരങ്ങളിലെ തൊഴിൽരഹിതർക്കും വീട്ടമ്മമാർക്കും കാർഷികവൃത്തി ചെയ്യുന്നതിനായി നഗരത്തിൽ ഒരു നാട്ടിൻ പുറം എന്ന ഒരു പദ്ധതിയ്ക്ക് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനുംപുറമേ സംഘങ്ങൾക്കും വ്യക്തികൾക്കും പാൽ ഉൽപ്പന്നങ്ങൽ ഉണ്ടാകാൻ സഹായവും ട്രെയിനിംഗും കൊടുക്കുന്നുണ്ട്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി.

(ബി) തിരുവനന്തപുരം നഗരത്തിലെ 11 റസിഡൻഷ്യൽ കോളനി പരിധിയിൽ വരുന്ന 2000 ത്തോളം അംഗങ്ങൾ വരുന്ന കുടുംബങ്ങളിൽ പ്രാരംഭമായി വിവിധ നടീൻ വസ്തുക്കൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവ നൽകി, ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകി സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും ജൈവ വളങ്ങളുടെ ഉപയോഗവും വർദ്ധിപ്പിച്ച് വിഷവിമുക്തമായ കാർഷിക വിളകൾ ഉണ്ടാക്കുക എന്ന ലക്ഷ്യമാക്കിയാണ് പദ്ധതി വഭാവനം ചെയതിരിക്കന്നത്. കുരുമുളക് വള്ളി, മാവിൻതൈ, വാഴക്കന്ന്, പച്ചക്കറി, പ്ളാവിൻ തൈ, കിഴങ്ങു വർഗ്ഗവിളകൾ, ജാതി, ഗ്രാപൂ, കശുമാവ്, കറുകപ്പട്ട എന്നീ നടീൽ വസ്തുക്കളാണ് വിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ പങ്കാളികളാകുവാൻ വീട്ടുകാരെ സർവ്വേ പ്രകാരം തെരഞ്ഞെടുത്തു കഴിഞ്ഞു. കൂടാതെ നഗരങ്ങളിലും ഗ്രാമങ്ങളിലും നടപ്പാക്കുന്ന പുഷ്പകൃഷി വികസന പദ്ധതിയുടെയും പച്ചക്കറി വികസന പരിപാടിയുടെയും പ്രയോജനം നഗരങ്ങളിലെ തൊഴിൽരഹിതർക്കും വീട്ടമ്മമാർക്കും ലഭ്യമാണ്.

(സി) തിരുവനന്തപുരം സിറ്റിയിലെ സർവ്വേ പ്രകാരം 11 റസിഡൻഷ്യൽ കോളനികളിലെ 599 പ്ളോട്ടുകളിലാണ് പ്രാരംഭമായി നഗരത്തിൽ ഒരു നാട്ടിൻ പുറം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് ഓരോ വർഷവും ഒരു ലക്ഷം രൂപയുടെ ഉൽപ്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

## നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ പദ്ധതി

422. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) നെല്ലിന്റെ ശരാശരി ഉൽപ്പാദനക്ഷമത ഇപ്പോൾ ഹെക്ടറിന് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന ഉൽപ്പാദന പ്രോൽസാഹനം ഹെക്ടറിന് എത്രയാണെന്ന് പറയാമോ;

(ഡി) കർഷകർക്ക് നൽകിവരുന്ന ഇൻപുട്ട് സബ്സിഡി എത്രയാണ്;

(ഇ) ഇപ്രകാരം നൽകുന്ന സബ്സിഡി യഥാർത്ഥ കർഷകർക്കു തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :-**

(എ) നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പ് അടിസ്ഥാനമാക്കിയുള്ള നെൽകൃഷിയുടെ സചേതനമായ പരിപോഷണം
2. മാക്രോമാനേജ്മെന്റ് നെല്ല്വികസന പദ്ധതി
3. വൈദ്യുതി സൗജന്യം
4. ഉൽപാദന ബോണസ്

(ബി) നെല്ലിന്റെ ശരാശരി ഉൽപാദനക്ഷമത ഹെക്ടറിന് 2162 കി.ഗ്രാം ആണ്.

(സി) കർഷകർക്ക് ഹെക്ടർ ഒന്നിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകിവരുന്നു.

(ഡി) സംസ്ഥാന പദ്ധതിയിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ശാസ്ത്രീയമായി നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ഹെക്ടർ ഒന്നിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിത്തിന് കിലോക്ക് 2 രൂപ നിരക്കിലും കുമ്മായത്തിന് ഹെക്ടർ ഒന്നിന് 600 രൂപ നിരക്കിലും ജീവാണുവളത്തിന് കിറ്റിന് 10 രൂപ നിരക്കിലും പച്ചിലവളത്തിന് കിലോക്ക് 2.50 രൂപ നിരക്കിലും സബ്സിഡി നൽകിവരുന്നു

(ഇ) കർഷകർക്ക് നൽകുന്ന സബ്സിഡികൾ യഥാർത്ഥ കർഷകനു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേനയാണ് സബ്സിഡി വിതരണം ചെയ്യുന്നത്. കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടം വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ നടത്തി വരുന്നുണ്ട്. കൃഷിഭവനുകളുടെ കീഴിൽ വരുന്ന പദ്ധതികളുടെ പരിശോധന ബ്ളോക്ക് തലത്തിലുള്ള അസിസ്റ്റന്റ് ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടറും നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ മേൽനോട്ടം ജില്ലാ പ്രിൻസിപ്പൽ കൃഷിഓഫീസറും നടത്തിവരുന്നു.

## കള്ള് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് പദ്ധതി

423. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. എ.എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കള്ള് സംസ്ക്കരിച്ച് ടിന്നിലടച്ച് വിപണനം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ വമ്പിച്ച കയററുമതി സാദ്ധ്യത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) & (ബി) പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

(സി) 2002-2003-ലെ അബ്കാരി നയത്തിൽ മധുരക്കള്ള്/കള്ള് എന്നിവയിൽ നിന്നും കർഷകർക്ക് സഹായമായും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന രീതിയിലും മറ്റ് പദാർത്ഥങ്ങൾ വകസിപ്പിച്ച് എടുക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് ഇതിനായി രൂപീകരിക്കുന്ന ഒരു വിദഗ്ധ കമ്മിറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കഞ്ചാവ് കൃഷി തടയാൻ നടപടി

424. ശ്രീ. എ.കെ. ബാലൻ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ)  സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വ്യാപകമായി കഞ്ചാവ് കൃഷി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)  വനപ്രദേശങ്ങളിൽ അധോലോകസംഘങ്ങളുടെ സഹായത്തോടെ കഞ്ചാവ് കൃഷി നടത്തി കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി)  കഞ്ചാവ് കള്ളക്കടത്ത് സംബന്ധിച്ചും കഞ്ചാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ചും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി)  കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ)  കഞ്ചാവ് വെട്ടി നശിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ വീണ്ടും കൃഷി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ)  ചില സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല

(സി) ഉണ്ട്.

(ഡി)  ഉണ്ട്.  ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വനപ്രദേശങ്ങളിൽ കഞ്ചാവ്കൃഷി നടത്തുന്നുണ്ട്. എന്ന വിവരം ലഭിച്ച അടിസ്ഥാനത്തിൽ 3.12.2001 മുതൽ 31..5..2002 വരെയുള്ള കാലയളവിൽ പതിനൊന്നോളം വലിയ കഞ്ചാവുവേട്ട നടത്തിയിട്ടുണ്ട്.  ഈ റെയിഡുകളിലായി ഏകദേശം 10,03,704 കഞ്ചാവു ചെടികൾ നശിപ്പിച്ചിട്ടുണ്ട്.  കൂടാതെ 2020 കി.ഗ്രാം ഉണക്കക്കഞ്ചാവും 150 കി.ഗ്രാം കഞ്ചാവു പൊടിയും 35 കി.ഗ്രാം കഞ്ചാവു വിത്തും പിടിച്ചെടുത്തിട്ടുണ്ട്.

(ഇ)  രണ്ടായിരത്തി രണ്ട് മെയ് മാസത്തിൽ നടത്തിയ റെയ്ഡിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## <u>കരിക്കിൻവെള്ളം പായ്ക്കറ്റുകളിലാക്കി പിപണനം ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യ കണ്ടെത്താൻ നടപടി</u>

425.  ശ്രീ. ബി. വിജയകുമാർ:

ശ്രീ. എം.എ. ചന്ദ്രശേഖരൻ:

ശ്രീ. എ.കെ. മണി:

ശ്രീ. വർക്കല കഹാർ: താഴെ  കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ)  കരിക്കിൻവെള്ളം പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ കണ്ടെത്തിയിട്ടുണ്ടോ;

(ബി)  ഇക്കാര്യത്തിൽ ഗവേഷണം നടക്കുന്നുണ്ടോ;

(സി)  ഇതിനുള്ള സാങ്കേതികവിദ്യ കണ്ടെത്തണമെന്ന് സംസ്ഥാന കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും  വകുപ്പു മന്ത്രി):-**

(എ) & (ബി)  കരിക്കിൻവെള്ളം പായ്ക്കററുകളിലാക്കി വിപണനം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടില്ല. എന്നാൽ സ്വകാര്യ മേഖലയിൽ ഇതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാണ്.  കേര വികസന ബോർഡിന്റെ സഹായത്തോടെ കരിക്കിൻവെള്ളം പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന ചില സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഇല്ല.

## <u>ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള വിഹിതം അടയ്ക്കാതിരുന്നതിനെതിരെ നടപടി</u>

426.  ശ്രീ. കെ.കെ. ഷാജു:

ശ്രീ. ഷിബു ബേബിജോൺ:

ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. എ.എൻ. രാജൻ ബാബു:

ശ്രീ. ജോണി നെല്ലൂർ:  താഴെ  കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ കള്ളുഷാപ്പുകൾ സഹകരണസംഘങ്ങൾ ഏറ്റെടുത്ത് നടത്തിയ കാലഘട്ടത്തിൽ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള വിഹിതം അടയ്ക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഇനത്തിലും എത്ര രൂപ വീതം കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് ജീവനക്കാർക്ക് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) &(ബി)

ഉണ്ട്. കേരളത്തിലെ കള്ളുഷാപ്പുകൾ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടത്തിയ കാലഘട്ടത്തിൽ ഷാപ്പുകളിൽ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം (പ്രോവിഡന്റ് ഫണ്ടും ഗ്രാററുവിറ്റിയും)അടയ്ക്കാൻ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിലായി കള്ള് ചെത്ത് സഹകരണസംഘങ്ങൾ 6,16,69,685 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(സി) ക്ഷേമനിധി കുടിശ്ശിക 18% വാർഷിക പലിശയോടുകൂടി ഭൂനികുതി കുടിശ്ശിക എന്നതുപോലെ വസൂലാക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## റവന്യൂ കമ്മി വർദ്ധിക്കാനുള്ള കാരണം

427. ശ്രീ. ടി.വി. ചന്ദ്രമോഹൻ:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വലിയതോതിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) എന്നുമുതലാണ് ഈ പ്രവണത വർദ്ധിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനത്തിനായി പണം കൈമാറിയതുകൊണ്ട് ഇത്ര വലിയ റവന്യൂകമ്മി ഉണ്ടാകുമോ;

(ഇ) എന്നു മുതലാണ് ജനീയാസൂത്രണത്തിന് പണം അനുവദിച്ച് തുടങ്ങിയത്;

(എഫ്) അന്നുമുതലുണ്ടായ റവന്യൂകമ്മിയും ജനകീയാസൂത്രണത്തിന് കൊടുത്ത തുകയും സംബന്ധിച്ച വിവരം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) റവന്യു ചെലവിലുണ്ടായ വർദ്ധനവിന് ആനുപാതികമായി റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തതാണ് ഇതിന് കാരണം.

(സി) 1996-97 മുതലാണ് ഈ പ്രവണത വർദ്ധിച്ചത്

(ഡി) റവന്യൂ കമ്മി വർദ്ധിച്ചതിന് ഇതും ഒരു കാരണമാണ്.

(ഇ) 1997-98 മുതൽ

(എഫ്)

| വർഷം (തുക കോടി രൂപയിൽ) | റവന്യൂ കമ്മി | ജനകീയാസുത്രണത്തിന് കൊടുത്ത തുക |
|---|---|---|
| 1997-1998 | 1117 കോടി | 741.87 കോടി |
| 1998-1999 | 2027 കോടി | 938.87 കോടി |
| 1999-2000 | 3622 കോടി | 850.89 കോടി |
| 2000-2001 | 3147 കോടി | 759.48 കോടി |
| 2001-2002 | അക്കൗണ്ടന്റ് ജനറൽ കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല. | |

## കശുമാവ് കൃഷി വികസനത്തിനായി പ്രത്യേക പരിപാടികൾ

428. ശ്രീ. പി.കെ.കെ. ബാവ:

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കശുമാവ് കൃഷി വികസനത്തിനായി പ്രത്യേക പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) കശുമാവ് കൃഷി വികസനത്തിനായി കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 400 ലക്ഷം രൂപ ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) കശുമാവ് കൃഷി വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഈ സാംപത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 400 ലക്ഷം രൂപ ചിലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കശുമാവ് കൃഷി പുനരുദ്ധാരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കൽ, കശുമാവ് കൃഷിയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, വേതനം/മറ്റ് ചിലവുകൾക്കുമായി ഈ തുക ചിലവാക്കുന്നതാണ്. ഈ വർഷം 5500 ഹെക്ടർ സ്ഥലത്തെ കശുമാവ് കൃഷി പുനരുദ്ധരിക്കുന്നതിന് 330 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തേയില കൊതുക്, തണ്ടുതുരപ്പൻ എന്നീ കീടങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിന് 5000 ഹെക്ടറിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ സർക്കാർ ഇതര സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തികൾക്കും കശുമാവ് ഗ്രാഫുകൾ ഉൽപ്പാദിപ്പിക്കുന്നതിന് 30 പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ നഴ്സറിക്കും400 മാതൃവൃക്ഷ തൈകൾ കേരള കാർഷിക സർവകലാശാല വിതരണം ചെയ്യുന്നതാണ്. ഗ്രാഫ്റ്റിന്റെ വില, ട്രാൻസ്പോർട്ടേഷൻ, നടീൽ, മറ്റു ചിലവുകൾ എന്നിവയ്ക്ക് 10,000 രൂപ ധനസഹായം നൽകുന്നതാണ്.

കശുമാവ് കൃഷിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുന്നതിനും പ്രത്യേക കൺസൽട്ടൻസി മുഖേന സംസ്ഥാനത്തിലുള്ള ശില്പശാല സംഘടിപ്പിക്കുന്നതിനുമായി രണ്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ടി. പദ്ധതികളുടെ നടത്തിപ്പിനായി ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ വേതനവും മറ്റ് ചിലവുകൾക്കുമായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

മേല്പറഞ്ഞ പദ്ധതികൾ കൂടാതെ സർക്കാർ ഉത്തരവ് (സധാരണ) നം.575/02/കൃഷി തീയതി: 11.6.2002 പ്രകാരം കശുമാവ് വികസനത്തിന്റെ നടപടികൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബഹു: കൃഷി വകുപ്പു മന്ത്രി അദ്ധ്യക്ഷനായും കൃഷി ഡയറക്ടർ മെമ്പർ സെക്രട്ടറിയായും ഉള്ള കശുമാവ് വികസന കൗൺസിൽ പുനസംഘടിപ്പിച്ചിട്ടുമുണ്ട്. ഇതിൽ കാർഷികോൽപ്പാദന കമ്മീഷണർ കശുമാവ്, കൊക്കോ ഡയറക്ടറേറ്റിലെ ഡയറക്ടർ (കേന്ദ്ര സർക്കാർ) ലീഡ് ബായ്ക്, നബാർഡ്, കേരള കാർഷിക സർവകലാശാല എന്നിവയിലെ പ്രതിനിധികൾ, കശുമാവ് കർഷകർമാരുടെ മൂന്ന് പ്രതിനിധികൾ എന്നിവരാണ് മറ്റ് അംഗങ്ങൾ. ഈ കൗൺസിൽ കാലാകാലങ്ങളിൽ യോഗം കൂടുകയും പല പദ്ധതികൾ തീരുമാനിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

## <u>കായിക മൽസരങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ</u>

429. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ വർഷത്തെ ദേശീയ ഗെയിംസ് ഉൾപ്പെടെയുള്ള കായിക മൽസരങ്ങൾക്ക് സംസ്ഥാത്ത് ഇപ്പോൾ എന്തെല്ലാം തയ്യാറെടുപ്പുകൾ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കായിക രംഗത്ത് പ്രശസ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ യോഗ്യത നേടിയ കളിയിനങ്ങളുടെ അസോസിയേഷൻ സെക്രട്ടറിമാരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ വിദഗ്ധ പരിശീലനത്തിന് ആവശ്യമായ നൂതന സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുവാൻ തീരുമാനിക്കുകയും സെപ്തംബർ 30-നകം ജില്ലാ സംസ്ഥാന മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ഗെയിംസിന് മുന്നോടിയായി ടീം അംഗങ്ങൾക്ക് 45 ദിവസത്തെ സംസ്ഥാന തല കോച്ചിംഗ് ക്യാംപ് രണ്ട് ഘട്ടമായി നടത്താൻ തീരുമാനിച്ചു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

430. ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ പദ്ധതിവിഹിതം എത്രയാണെന്നറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ട പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിയുടെ തന്നാണ്ടിലെ ആദ്യവിഹിതം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാലതമാസം കൂടാതെ പ്രസ്തുത ഗഡു അനുവദിക്കാൻ നടപടി എടുക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ 4026 കോടി രൂപയാണ്.

(ബി) ഉണ്ട്.

(സി) 6-6-2--2ലെ ജി.ഒ.(എം.എസ്) നമ്പർ 20/2002/പ്ലാനിംഗ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നടപടി എടുത്തു വരുന്നു.

## കർഷകർക്ക് കടാശ്വാസ പദ്ധതി

431. ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ബാലറാം:
ശ്രീ. എഴുകോൺ നാരായണൻ:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകർക്ക് എന്നുവരെയാണ് നിയമംമൂലം കടാശ്വാസം നൽകിയിട്ടുള്ളത്;

(ബി) ഈ കാലാവധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാലാവധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) 2001ലെ കാർഷിക കടാശ്വാസ നിയമംപ്രകാരം സർക്കാരിലേയ്ക്ക് വിട്ടേണ്ട കാർഷിക കടങ്ങൾ 29-12-2001 മുതൽ ഒരു വർഷത്തേയ്ക്കും സഹകരണ സംഘങ്ങളിലേക്ക് വിട്ടേണ്ട കടങ്ങൾ 6 മാസത്തേയ്ക്കും തിരിച്ചടക്കേണ്ടതില്ല. അതിനുശേഷം മൊത്തമായോ 30 മാസ ഗഡുക്കളായോ കടം വീട്ടാവുന്നതാണ്.

(ബി) ഉണ്ട്.

(സി) ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

## ഊർജ്ജിത കന്നുകാലി വികസന പദ്ധതി

432. ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത കന്നുകാലി വികസന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയുടെ പ്രവർത്തനഫലമായി 2001–2002–ൽ എത്രപേർക്ക് കൂടുതലായി തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):–**

(എ) 1640 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുക, ശാസ്ത്രീയ കന്നുകാലിപരിപാലന മുറകൾ കർഷകരിലേക്ക് പകരുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പ്രത്യക്ഷമായി അധികമായി തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നില്ല. ഉല്പാദനക്ഷമമായ പശുക്കളുടെ വർഗ്ഗഗുണം വർദ്ധിപ്പിച്ച് ശാസ്ത്രീയമായ പരിചരണത്തിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുമൂലം പരോക്ഷമായി തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു..

## തെങ്ങുകളുടെ ഉല്പ്പാദനക്ഷമത

433. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. ഡി. സുഗതൻ:
ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളുടെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കാറ്റുവീഴ്ചയും മണ്ഡരിരോഗവും തെങ്ങുകളുടെ ഉൽപ്പാദനക്ഷമത കുറച്ചിട്ടുണ്ടോ; ഈ രോഗങ്ങൾ ഫലപ്രദമായി തടയുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):–**

(എ) സംസ്ഥാനത്തെ തെങ്ങുകളുടെ ഉല്പ്പാദനക്ഷമത ഒരു ഹെക്ടറിന് 5747 ആണ്. ഉൽപ്പാദനക്ഷമതയും ഉല്പ്പാദനവും വർദ്ധിപ്പിക്കുവാനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു..

1. ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ
2. സംയോജിത വളപ്രയോഗം
3. സംയോജിത കീടരോഗ നിയന്ത്രണം
4. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ
5. ഇടവിളകൃഷി, സമ്മിശ്രകൃഷി
6. പ്രദർശനതോട്ടം സ്ഥാപിക്കൽ
7. നല്ലയിനം തൈകളുടെ ഉൽപ്പാദനവും വിതരണവും

(ബി) കാറ്റുവീഴ്ചയും മണ്ഡരിരോഗവും തെങ്ങുകളുടെ ഉല്പ്പാദനക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. കൃഷിവകുപ്പും, സി.പി.സി.ആർ.ഐയും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് കണ്ണൂർ, കൊല്ലം ജില്ലകളിൽ നടത്തിയ പൈലറ്റ് സർവ്വേയിൽ

കീട ബാധയുടെ തീവൃത കുറഞ്ഞതായും തേങ്ങയുടെ വലിപ്പത്തിൽ വ്യത്യാസം വന്നതായും കണ്ടിട്ടുണ്ട്.

## ജീവനക്കാരുടെ പുനർവിന്യാസം

434. ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ അധികമുണ്ടെന്നു കണ്ടെത്തിയ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) അധികാരവികേന്ദ്രീകരണത്തിനായി രൂപീകരിച്ചിരുന്ന സെൻകമ്മിറ്റിയുടെ ശുപാർശകൾ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഇപ്പോൾ നിയോഗിച്ചിട്ടുള്ള സെക്രട്ടറീസ് കമ്മിറ്റിയുടെ, ഇത് സംബന്ധമായ ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) കൃഷിവകുപ്പിൽ തസ്തികകൾ അധികമാണെന്ന ഈ കമ്മിറ്റിയുടെ ശുപാർശയോട് സർക്കാർ യോജിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീമതി കെ.ആർ.ഗൗരിയമ്മ (കൃഷിയും കയും വകുപ്പുമന്ത്രി):-**

(എ) കൃഷിവകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യസിപ്പിച്ചത് അവരുടെ " ഓപ്ഷന്റെ"യും മതിയായ "ഓപ്ഷൻ" ലഭിക്കാത്ത സാഹചര്യത്തിൽ ഏറ്റവും ജൂനിയർ (ആദ്യം ജില്ലാതലം) എന്ന അടിസ്ഥാനത്തിലുമാണ്.

(ബി) അധികാര വികേന്ദ്രീകരണ സമിതിയുടെ ശുപാർശയനുസരിച്ചാണ് ഇതു സംബന്ധിച്ച വ്യവസ്ഥകളടങ്ങുന്ന ഉത്തരവ് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചത്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കാൻ ശുപാർശ ചെയ്ത 4909 തസ്തികകൾ പുനർവിന്യസിക്കണമെന്നതായിരുന്നു ഒരു ശുപാർശ. ഇതുകൂടാതെ താഴെപ്പറയുന്ന തസ്തികകൾ അധികമാണെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1) | അഡീഷണൽ ഡയറക്ടർ : | 2 തസ്തികകൾ |
| 2) | ജോയിന്റ് ഡയറക്ടർ | 5 " |
| 3) | റിസർച്ച് എഞ്ചിനീയർ (ഇ.ഇ.) | 1 " |
| 4) | അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) | 2 " |
| 5) | കൃഷി ഓഫീസർ | 47 " |
| 6) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6 " |
| 7) | കൃഷി അസിസ്റ്റന്റ് | 251 " |
| 8) | കൃഷി ഫീൽഡ് ഓഫീസർ | 19 " |
| 9) | മെക്കാനിക് | 54 " |

സാങ്കേതിക തസ്തികകളിൽ അധികമുള്ള ജീവനക്കാരെ കണ്ടെത്തി പുനർവിന്യസിക്കുന്നതിന് കൃഷിവകുപ്പിലെ വിവിധ സ്ഥാപനങ്ങളുടേയും ഈ വിഭാഗത്തിൽ വരുന്ന ജീവനക്കാരുടേയും അധികവിവരങ്ങൾ സമർപ്പിക്കുവാൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ശുപാർശകൾ പരിശോധിച്ചു വരികയാണ്.

## കശുമാവ്കൃഷി വികസനം

435. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ:
ശ്രീ. സാജുപോൾ:

ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നു;

(ഡി) കശുമാവ് കൃഷിചെയ്യുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് പറയാമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) &(ബി) ഉണ്ട്. കശുമാവു കൃഷി വികസനത്തിനായി കേന്ദ്രസർക്കാർ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ 400 ലക്ഷം രൂപ ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 2000-2001-ലെ കണക്കുപ്രകാരം ഇപ്പോൾ സംസ്ഥാനത്ത് 92122 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട്.

(ഡി) പ്രായമായതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ മരങ്ങൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകളുടെ സൗജന്യവിതരണവും കൂടാതെ ഗ്രാഫ്റ്റുകൾ നടുന്നതിനും സസ്യസംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നതിനും കശുമാവ് നഴ്സറികൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്ക് സാമ്പത്തികസഹായം നൽകിവരുന്നു. വിശദവിവരങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

## നെൽകൃഷിക്കായി മിനികിറ്റ് ഓഫ് റൈസ് കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കാൻ നടപടി

436. ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കായി മിനി കിറ്റ് ഓഫ് റൈസ് കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കർഷകർക്ക് തങ്ങളുടെ പാടങ്ങൾക്ക് യോജിച്ച വിത്തിനങ്ങൾ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) തമിഴ്നാട്ടിലും മറ്റും ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള ഗുണമേന്മയുള്ള വിത്തുകൾ കർഷകർക്ക് വിതരണം നടത്താനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഗ്രൂപ്പടിസ്ഥാനമാക്കിയുള്ള നെൽകൃഷിയുടെ സചേതനമായ പരിപോഷണം എന്ന പദ്ധതിയുടെ കീഴിൽ കമ്മ്യൂണിറ്റി നഴ്സറി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കമ്മ്യൂണിറ്റി നഴ്സറികൾ സ്ഥാപിച്ച് ശാസ്ത്രീയമായി നെൽകൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 1000 രൂപ നിരക്കിൽ ഗ്രൂപ്പ് ഫാമിംഗിലൂടെ കൃഷിചെയ്യുന്നതിന് പാടശേഖരങ്ങൾക്കു നൽകുന്നു. 75000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിന് 750 ലക്ഷംരൂപ ഈ വർഷം വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനാവശ്യമായ അത്യുല്പ്പാദനശേഷിയുള്ള വിത്തിനങ്ങൾ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി 347 ലക്ഷംരൂപ വകകൊള്ളിച്ചിട്ടുണ്ട്. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയുടെ കീഴിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കേരളകാർഷിക സർവ്വകലാശാലയിൽ നിന്നും വാങ്ങി സംസ്ഥാന ഫാമുകളിൽ വർദ്ധിപ്പിച്ച് തെരഞ്ഞെടുത്ത കർഷകർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) ഗ്രൂപ്പുഫാമിംഗ് പദ്ധതിയുടെ കീഴിൽ കർഷകർക്ക് അവരവരുടെ സ്ഥലത്തിന് അനുയോജ്യമായ ഒരേയിനം വിത്ത് തെരഞ്ഞെടുത്ത് കൃഷിചെയ്യുന്നതിന് ധനസഹായം നൽകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തിനാവശ്യമായ ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## നെൽകൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ നടപടി

437. ശ്രീ. ടി.എച്ച്. മുസ്തഫ:

ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന കൃഷിയിടത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) നെല്ലിന്റെ ഉല്പ്പാദനവും ഉല്പ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(ഡി) ഇതിനുവേണ്ടി എന്തുതുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) നെൽകൃഷിയുടെ ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ അഭാവം, നെൽകൃഷിയിലൂടെ ലഭിക്കുന്ന ആദായത്തിലുള്ള കുറവ് ഇവ കാരണം അധികവരുമാനമുള്ള മറ്റു വിളകളിലേക്കുള്ള മാറ്റവും കാർഷികേതര ആവശ്യങ്ങൾക്കായി നിലം നികത്തപ്പെടുന്നതും മറ്റ് സാമൂഹ്യകാരണങ്ങളുമാണ് നെൽകൃഷിയിടത്തിന്റെ വിസ്തൃതി കുറയാനിടയാക്കിയിട്ടുള്ളത്.

(സി)&(ഡി) 1. ഗ്രൂപ്പടിസ്ഥാനമാക്കിയുള്ള നെൽകൃഷിയുടെ സചേതനമായ പരിപോഷണം. ഇതിനായി ഇക്കൊല്ലം 1,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കേന്ദ്രാവിഷ്കൃത നെൽകൃഷിവിതരണ പദ്ധതി 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ഉൽപ്പാദന ബോണസ് നൽകുന്നതിനുള്ള പദ്ധതി. ഇതിനായി 1061.8 ലക്ഷം രൂപ ഇക്കൊല്ലം വകയിരുത്തിയിട്ടുണ്ട്.

4. വൈദ്യുതിസൗജന്യം നൽകുന്ന പദ്ധതി ഇതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ ജൈവസാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ലഭ്യമാക്കാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

## സപ്ളൈകോ പ്രിവിലേജ് കാർഡ്

438. ശ്രീ. സ്റ്റീഫൻ ജോർജ്::

ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ളൈകോ പ്രിവിലേജ് കാർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ഫോർട്ട്, പഴവങ്ങാടി, എറണാകും സദനം റോഡ്, എറണാകുളം പനമ്പള്ളിനഗർ, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ

സ്ഥലങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ കാലയളവ് ഒരു വർഷമാണ്. ഒരു പ്രിവിലേജ് കാർഡിന്റെ വില 50 രൂപയാണ്.

(സി) ഈ പദ്ധതിപ്രകാരം 250 രൂപയിൽ കൂടുതൽ സാധനങ്ങൾ വാങ്ങുമ്പോൾ ബിൽ തുകയ്ക്ക് തുല്യമായ പോയിന്റുകൾ ഉപഭോക്താവിന് ലഭിക്കുന്നു. ഇപ്രകാരം ആദ്യം 3000 പോയിന്റ് നേടുന്ന 2000 പേർ 200/- രൂപയുടേയും ആദ്യം 6000 പോയിന്റ് നേടുന്ന 1000 പേർ 500/- രൂപയുടേയും ആദ്യം 10,000 പോയിന്റു നേടുന്ന 250 പേർ 1000 രൂപയുടേയും സൗജന്യ പർച്ചേസിന് അർഹരാണ്. കൂടാതെ, ഓണം, ക്രിസ്തുമസ്, ബക്രീദ് ആഘോഷാവസരങ്ങളിൽ 5000 ഉം അതിൽ കൂടുതലും പോയിന്റു നേടുന്നവർക്കായി നറുക്കെടുപ്പിലൂടെ വിവിധ സമ്മാനങ്ങൾ നൽകാനും പദ്ധതിയുണ്ട്.

## കേര കൃഷി വികസനത്തിന് സ്വീകരിച്ച നടപടി

439. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. ടി.വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കേരകൃഷി വികസനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) കേരകൃഷി വികസനത്തിനുവേണ്ടി കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ആകെ എന്തു തുക വേണ്ടിവരും; അതിൽ സംസ്ഥാന ഗവൺമെന്റ് എന്തു തുക ചെലവാക്കണം;

(ഡി) ഈ പദ്ധതി എന്ന് ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കേര കൃഷി വികസനത്തിന് സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതിയും, കേന്ദ്രാവിഷ്കൃത സംയോജിത നാളികേര വികസന പദ്ധതിയും, 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി കാര്യക്ഷമമായി തുടർന്നു നടപ്പിലാക്കിവരുന്നു.

സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതിയിൻ കീഴിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ശാസ്ത്രീയ രാസവളപ്രയോഗം, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ, വിത്തുതേങ്ങ സംഭരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംയോജിത നാളികേര വികസന പദ്ധതിയിൻ കീഴിൽ രോഗഗ്രസ്തമായ തെങ്ങുകളുടെ പരിചരണം, പ്രദർശന പ്ളോട്ടുകൾ സ്ഥാപിക്കൽ, സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ കേര കൃഷി വികസനത്തിനായി 909 ലക്ഷം രൂപയുടെ സംസ്ഥാനാവിഷ്കൃതപദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിപ്രകാരം കാറ്റുവീഴ്ചരോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ, ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും, ജലസേചനസൗകര്യം മെച്ചപ്പെടുത്തൽ, സംയോജിത വളപ്രയോഗം, സംയോജിത കീട നിയന്ത്രണം, മണ്ഡരി നിയന്ത്രണം, എന്നീ പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ നാളികേര മിഷൻ പദ്ധതി അനുസരിച്ചുള്ള 260 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിൽ നാളികേര ടെക്നോളജി മിഷനിൽ 260 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ആകെ 260 കോടി രൂപയുടെ പദ്ധതികളാണ്. ഇത് പൂർണ്ണമായും കേന്ദ്രസഹായമായാണ് പ്രതിക്ഷിക്കുന്നത്.

(ഡി) കേന്ദ്ര അംഗീകാരം ലഭിച്ചാൽ 2002-2003-ൽ ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.